"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

തദ്ദേശ സ്വയംഭരണ വകുപ്പ് - പഞ്ചായത്ത് ജീവനക്കാര്യം - മലപ്പുറം ജില്ലയിലെ കാളികാവ് ഗ്രാമപഞ്ചായത്ത് മുൻ സെക്രട്ടറി ശ്രീ.സൈദലവി, മുൻ അസിസ്റ്റന്റ് സെക്രട്ടറി ശ്രീ മത്തായി.പി.പി, മുൻ സെക്രട്ടറി ശ്രീ.അബ്ദുൽ മജീദ്.പി.എം., മീനത്തിൽ ഗ്രാമപഞ്ചായത്ത് മുൻ അസിസ്റ്റന്റ് സെക്രട്ടറി ശ്രീമതി.മനീജ.പി.തോമസ്, മുൻ സെക്രട്ടറി ശ്രീമതി.ജാനറ്റ് പോൾ, കാളികാവ് ഗ്രാമപഞ്ചായത്ത് മുൻ ക്ലർക്കുമാരായ ശ്രീ.പ്രജിൻ, ശ്രീമതി.പ്രജിത, ശ്രീമതി.ടി.കെ.ആയിഷ, ശ്രീമതി.അസ്മാബി എന്നിവർക്കെതിരെയുള്ള അച്ചടക്ക നടപടി - ഔപചാരിക അന്വേഷണത്തിന് മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**തദ്ദേശസ്വയംഭരണ (ഇപിബി) വകുപ്പ്**

സ.ഉ.(സാധാ) നം.1703/2022/LSGD തീയതി,തിരുവനന്തപുരം, 18-07-2022

---

പരാമർശം:-

1. വിജിലൻസ് & ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 06.11.2019 ലെ ഇ15 (എസ്സി7/19/എംപിഎം) 40388/18 നമ്പർ റിപ്പോർട്ട്
2. സർക്കാരിന്റെ 14.12.2020 ലെ ഇപിബി3/46/2020/തസ്വഭവ നമ്പർ കുറ്റപത്രങ്ങളും, കാരണംകാണിക്കൽ നോട്ടീസും
3. ശ്രീ.സൈദലവി, ശ്രീ.മത്തായി.പി.പി, ശ്രീ.അബ്ദുൽ മജീദ്.പി.എം, ശ്രീമതി.മനീജ.പി.തോമസ് , ശ്രീമതി.ജാനറ്റ് പോൾ , ശ്രീ.പ്രജിൻ , ശ്രീമതി.പ്രജിത, ശ്രീമതി.ടി.കെ.ആയിഷ, ശ്രീമതി.അസ്മാബി എന്നിവർ യഥാക്രമം 04.09.2021,14.09.2021, 09.09.2021, 17.09.2021, 11.09.2021, 13.08.2021, 08.09.2021, 06.09.2021, 07.09.2021 എന്നീ തീയതികളിൽ സമർപ്പിച്ച വിശദീകരണം.
4. പഞ്ചായത്ത് ഡയറക്ടറുടെ 15.06.2022 ലെ PAN/8172/2021 - D4 (DP) നമ്പർ റിപ്പോർട്ട്

**ഉത്തരവ്**

മലപ്പുറം ജില്ലയിലെ കാളികാവ് ഗ്രാമപഞ്ചായത്തിൽ കാളികാവ് ജംഗ്ഷനിൽ അനധികൃതമായി കക്കൂസ് ടാങ്ക് നിർമ്മിച്ചതുമായി ബന്ധപ്പെട്ട് നടപടി സ്വീകരിക്കാൻ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ കാളികാവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറിയോട് ആവശ്യപ്പെട്ടിട്ടും നടപടി ഉണ്ടായിട്ടില്ല എന്ന ശ്രീ.വിദ്യാധരൻ.ടി.പി യുടെ പരാതിയിന്മേൽ വിജിലൻസ് ആന്റി കറപ്ഷൻ ബ്യൂറോ അന്വേഷണം നടത്തി പരാമർശം (1) പ്രകാരം റിപ്പോർട്ട് സർക്കാരിൽ ലഭ്യമാക്കുകയുണ്ടായി.

പ്രസ്തുത റിപ്പോർട്ട് പ്രകാരം, കാളികാവ് ഗ്രാമപഞ്ചായത്തിലെ കാളികാവ് ജംഗ്ഷനിൽ

കാളികാവ് വണ്ടൂർ റോഡിൽ 7/105 നമ്പർ കെട്ടിടത്തിന് മുൻ വശം അനധികൃതമായി സെപ്റ്റിക് ടാങ്ക് നിർമ്മിച്ചതിനെതിരെ 2011 ലെ KPBR ചട്ടങ്ങൾക്കനുസരിച്ച നിയമാനുസൃത നടപടികൾ സ്വീകരിച്ച റിപ്പോർട്ട് ചെയ്യുവാൻ 5.09.2016 തീയതി മലപ്പുറം ഡെപ്യൂട്ടി ഡയറക്ടർ കാളികാവ് പഞ്ചായത്ത് സെക്രട്ടറിയോട് നിർദേശം നൽകിയിട്ടും കാളികാവ് പഞ്ചായത്ത് സെക്രട്ടറി ഈ കാര്യത്തിൽ തുടർ നടപടി സ്വീകരിച്ചിട്ടില്ല എന്ന് കണ്ടെത്തുകയുണ്ടായി.

മേൽ വീഴ്ചയ്ക്കുത്തരവാദികളായ സർവീസിൽ നിന്നും വിരമിച്ച കാളികാവ് ഗ്രാമപഞ്ചായത്ത് സെക്രട്ടറി ശ്രീ.സൈദലവി, അസിസ്റ്റന്റ് സെക്രട്ടറി ശ്രീ.മത്തായി.പി.പി, സെക്രട്ടറി ശ്രീ.അബ്ദുൽ മജീദ്.പി.എം. എന്നിവർക്കെതിരെ KSR പാർട്ട് III റൂൾ 59 (d) പ്രകാരം ടിയാളുകളുടെ പെൻഷനിൽ നിന്നും പ്രതിമാസം 500/- രൂപാ വീതം ആജീവനാന്തം കുറവ് കുറവ് ചെയ്യാൻ തീരുമാനിച്ച കാരണം കാണിക്കൽ നോട്ടീസ് നൽകിയും, മീനത്തിൽ ഗ്രാമപഞ്ചായത്ത് അസിസ്റ്റന്റ് സെക്രട്ടറി ശ്രീമതി.മനീജ.പി തോമസ് , സെക്രട്ടറി ശ്രീമതി ജാനറ്റ് പോൾ , കാളികാവ് ഗ്രാമപഞ്ചായത്ത് മുൻ ക്ലർക്ക് ശ്രീ.പ്രജിൻ, കാളികാവ് ഗ്രാമപഞ്ചായത്ത് മുൻ ക്ലർക്ക് ശ്രീമതി.പ്രജിത, കാളികാവ് ഗ്രാമപഞ്ചായത്ത് മുൻ ക്ലർക്ക് ശ്രീമതി.ടി.കെ.ആയിഷ, കാളികാവ് ഗ്രാമപഞ്ചായത്ത്, മുൻ ക്ലർക്ക് ശ്രീമതി അസ്മാബി എന്നീ ഉദ്യോഗസ്ഥർക്കെതിരെ പരാമർശം (2) പ്രകാരം കഠിന ശിക്ഷക്കുള്ള കുറ്റപത്രം നൽകിയും അച്ചടക്ക നടപടി ആരംഭിച്ചു. പ്രസ്തുത കാരണം കാണിക്കൽ നോട്ടീസിനും, കുറ്റപത്രത്തിനും ടിയാളുകൾ പരാമർശം (3) പ്രകാരം മറുപടി ലഭ്യമാക്കുകയും മറുപടിയിന്മേൽ പഞ്ചായത്ത് ഡയറക്ടർ പരാമർശം (4) പ്രകാരം റിപ്പോർട്ട് ലഭ്യമാക്കുകയും ചെയ്തിട്ടുണ്ട്.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ച ടിയാളുകൾക്കെതിരായ അച്ചടക്ക നടപടിയിന്മേൽ തുടർനടപടികൾ സ്വീകരിക്കുന്നതിനു മുമ്പായി ഇക്കാര്യത്തിൽ ഔപചാരിക അന്വേഷണം നടത്തേണ്ടതായിട്ടുണ്ട്. ഈ സാഹചര്യത്തിൽ മേൽ ഉദ്യോഗസ്ഥർക്കെതിരായ ആരോപണങ്ങളിന്മേൽ അച്ചടക്ക നടപടി സംബന്ധിച്ച മാന്വൽ പ്രകാരമുള്ള ഔപചാരിക അന്വേഷണം നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നതിനായി മലപ്പുറം പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടറെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു. അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് കുറ്റാരോപിതന് ലഭ്യമാക്കി പ്രസ്തുത വിവരം സഹിതം അന്വേഷണ റിപ്പോർട്ട് 15 ദിവസത്തിനകം സർക്കാരിൽ സമർപ്പിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
അനിൽ കുമാർ ജി
അഡീഷണൽ സെക്രട്ടറി

1. പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, മലപ്പുറം പരാമർശം 1,2,3 എന്നിവയുടെ പകർപ്പ് സഹിതം
2. ബന്ധപ്പെട്ട ഉദ്യോഗസ്ഥർക്ക് (പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം മുഖേന)
3. പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം
4. അക്കൗണ്ടന്റ് ജനറൽ (എ&ഇ), കേരള, തിരുവനന്തപുരം/തൃശ്ശൂർ
5. പ്രസിഡന്റ്/സെക്രട്ടറി, കാളികാവ് ഗ്രാമപഞ്ചായത്ത്
6. ഡയറക്ടർ, ഐ.കെ.എം, തിരുവനന്തപുരം
7. വിവര, പൊതുജനസമ്പർക്ക (വെബ് & ന്യൂ മീഡിയ) വകുപ്പ്
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി (ഇപിബി 3/46/2020/തസ്വഭവ)

ഉത്തരവിൻ പ്രകാരം
Signed by Sudheer S S
Date: 18-07-2022 16:46:48
സെക്ഷൻ ഓഫീസർ